14/09/2024

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Nizam S A  Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/09/2024

1. കൃഷി വകുപ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയ 2000 ഓണച്ചന്തകളിൽ പഴം, പച്ചക്കറികൾക്ക് 30 ശതമാനം വരെ വിലക്കുറവുണ്ടാകും. സഞ്ചരിക്കുന്ന വിൽപ്പനശാലകളും ഇതോടനുബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്.

2. വിള ഇൻഷുറൻസ് റാബി 2024 കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് ഉപയോഗിച്ച്, വിളകളായ നെല്ലും പച്ചക്കറികളും (പടവലം. പാവൽ, പയർ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) കാലാവസ്ഥാ ദുരന്തങ്ങളിൽ നിന്ന് സംരക്ഷിക്കാവുന്നതാണ്. സംസ്ഥാന സർക്കാർ ഓരോ വിളയുടെയും കാലാവസ്ഥാ അപകടസാധ്യതകൾ വിശദീകരിച്ചിട്ടുണ്ട്, തത്സമയ കാലാവസ്ഥാ ഡാറ്റയെ അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം നൽകുന്നത്. എന്തെങ്കിലും നഷ്ടമുണ്ടായാൽ 72 മണിക്കൂറിനുള്ളിൽ കൃഷിഭവനെയോ ഇൻഷുറൻസ് കമ്പനിയെയോ അറിയിക്കേണ്ടതാണ്. രജിസ്ട്രേഷന് ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക്, ഭൂനികുതി രസീത്, പാട്ടകരാർ (പാട്ടത്തിനാണ് കൃഷി ചെയ്യുന്നതെങ്കിൽ) എന്നീ രേഖകൾ ആവശ്യമാണ്.

3. കാർഷിക സർവ്വകലാശാല കാർഷിക കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ വഴുതന, മുളക്, പുതിന, മുരിങ്ങ കട്ടിങ്സ് എന്നിവ ലഭ്യമാണ്. വില്പന സമയം രാവിലെ 9:00 മണി മുതൽ 4 മണി വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188248481.

4. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ കാർഷിക രംഗത്തെപ്പറ്റി മനസ്സിലാക്കുവാനും ക്രോപ്പ് പ്ലാനിംഗ് & കൾട്ടിവേഷൻ, മാർക്കറ്റിംഗ്, എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേഷൻ, അനുബന്ധ മേഖലകൾ എന്നിവയിൽ പ്രായോഗിക പരിശീലനം

നേടുവാനും അവസരം ഒരുക്കുന്ന ഇൻ്റേൺഷിപ് പദ്ധതിയിലേക്ക് കേരള സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. യോഗ്യത- വി.എച്ച്.എസ്.ഇ (അഗ്രി), കൃഷി ശാസ്ത്രത്തിൽ /ജൈവ കൃഷിയിൽ ഡിപ്ലോമ. പ്രായം - 01/08/2024 ൽ 18 മുതൽ 41 വയസ്സു വരെ. തെരെഞ്ഞടുക്കപ്പെടുന്നവർക്ക് പ്രതിമാസം 5000 രൂപ പ്രോത്സാഹനമായി നൽകുന്നതാണ്. പരമാവധി ആറു മാസം (180 ദിവസം) ആയിരിക്കും ഇന്റേൺഷിപ്പിന്റെ കാലാവധി. താല്പര്യമുള്ള നിശ്ചിത യോഗ്യതയുള്ളവർ (www.keralaagriculture.gov.in) (വെബ് സൈറ്റിൽ 13/09/2024 വരെ ഓൺലൈനായും നേരിട്ടും അപേക്ഷകൾ സമർപ്പിക്കാവുന്നാണ്. അപേക്ഷ ഫോറം വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് പൂരിപ്പിച്ച് യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം ഇന്റർവ്യൂ വേളയിൽ സമർപ്പിക്കേണ്ടതാണ്. തെരെഞ്ഞെടുക്കപ്പെടുന്നവർ കൃഷിഭവനുകളിലാണ് നിയോഗിക്കപ്പെടുന്നത്. വിജയകരമായി ഇൻ്റേൺഷിപ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും. പ്രവൃത്തി പരിചയ സാക്ഷ്യ പത്രമായി ഇത് ഉപയോഗിക്കാവുന്നതാണെന്ന് തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

5. കാർഷിക സർവകലാശാല, ഫോറസ്റ്ററി കോളേജിൽ ഒഴിവുള്ള യങ് പ്രൊഫഷണൽ തസ്തികയിലേക്ക് 25.09 2024 ന് രാവിലെ 10 മണിയ്ക്ക് വെള്ളാനിക്കര ഫോറസ്റ്ററി കോളേജിൽ വെച്ച് വാക്ക് ഇൻ ഇൻററവ്യൂ നടത്തുന്നു. എം എസ് സി ഫോറസ്റ്ററി/ ലൈഫ് സയൻസ് ബിരുദധാരികൾക്ക് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് www.kau.in സന്ദർശിക്കുക.

6. കണ്ണൂർ ജില്ലയിലെ സ്വകാര്യ ഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുവളർത്തുന്നതിനുള്ള പ്രോത്സാഹന ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ കൈവശാവകാശ രേഖ

സഹിതം സെപ്റ്റംബർ 30 നകം കണ്ണൂർ കണ്ണോത്തുംചാൽ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ സമർപ്പിക്കണമെന്ന് അസി. ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചു. നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫോറം വനം വകുപ്പ് വെബ്സൈറ്റിൽ നിന്നോ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നിന്നോ ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.forest.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാല ഇ-പഠന കേന്ദ്രം "കൂൺ കൃഷി" എന്ന വിഷയത്തിൽ ഒരു ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 സെപ്റ്റംബർ മാസം 19 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ സെപ്റ്റംബർ 18 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് സെപ്റ്റംബർ 19 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.